വിപദസ്സമയെ തെഷാം പ്രകരിഷ്യാമി പ്രാർത്ഥനാം ||
തേഷാം വിചാരകൃല്ലൊകൈർഗ്ഗിരിപാർശ്വനിപാതിതൈഃ |
മാമകീനം വചഃ കീർത്തിഷ്ടം തൽ ശ്രോഷ്യതെ ച തൈഃ ||
ധരണ്യുപരി സംസ്ഥാനാം ഛിന്നാനാമേധസാമിവ |
ശ്മശാനസമ്മുഖേസ്ഥീനി വികീർണ്ണാനി പ്രസന്തി നഃ ||
ഹെ മൽപ്രഭോ പരേശ ത്വാം പ്രത്യാസാതെ ദൃശൌ മമ |
ത്വാമഹം ശരണം യാതഃ പ്രാണാൻ മെ സാശ്രയാൻ കുരു ||
ഉന്മാഥതശ്ച മാം രക്ഷ മദർത്ഥം സംനിയോജിതാൽ |
കുകർമ്മകാരിണാം ജാലാന്മദീയരക്ഷണം കുരു ||
പതിഷ്യന്തി സ്വകീയെഷു ജാലെഷു പാപിനൊ നരാഃ |
പരന്തു പരിജീവദ്ഭിഃ സ്ഥാസ്യതേസ്മാഭിരേവ വൈ ||

ദൈവമെ എന്നെ ഓൎക്കേണമെ നിൻെറ രക്ഷയെകൊണ്ടു എന്നെ സന്ദൎശി ൩൧ ക്കേണമെ. സങ്കീ. ൧൦൬, ൪.

മദ്രാസ്സംസ്ഥാനത്തിലെ പ്രധാന സൎക്കാർ ഉദ്യോഗസ്ഥന്മാരുടെ ശമ്പളവിവരം.

			ഉറു.	അ.	പൈ.
ദേശാധിപതി (ഗവൎണ്ണർ)		മാസാന്തരം	൧൦൬൬൬	൧൦	൪
ബിഷൊപ്പ (മേലദ്ധ്യക്ഷൻ)		,,	൨൧൩൩	൫	൪
ആലോചനസഭക്കാരൻ		,,	൫൩൩൩	൫	൭
കല്ക്കട്ടർ		,,	൨൪൨൦	൧൩	൪
സബകല്ക്കട്ടർ		,,	൧൨൫൪	൨	൭
അസിഷ്ടാന്ത കല്ക്കട്ടർ		,,	൬൦൨	൦	൦
ഡിപ്ടി കല്ക്കട്ടർ	൧ാം ക്ലാസ്	,,	൬൦൦	൦	൦
,,	൨ാം ,,	,,	൫൦൦	൦	൦
,,	൩ാം ,,	,,	൩൫൦	൦	൦
,,	൪ാം ,,	,,	൨൫൦	൦	൦
ജില്ലാജഡ്ജി		,,	൨൩൩൩	൫	൪
സ്മാൾകാസ് ജഡ്ജി		,,	൧൪൦൦	൦	൦
പ്രിൻസിപാൽ സദരാമീൻ		,,	൫൦൦	൦	൦
മുൻസിപ്പ	൧ാം ക്ലാസ്	,,	൩൦൦	൦	൦
,,	൨ാം ,,	,,	൨൫൦	൦	൦
,,	൩ാം ,,	,,	൨൦൦	൦	൦
പ്രധാനപൊലിസ് മേലധികാരി		,,	൨൫൦൦	൦	൦
പൊലിസ സൂപർഇന്തെന്ത		,,	൯൦൦	൦	൦
അസിഷ്ടാന്ത	,, ൧ാം ക്ലാസ്	,,	൫൦൦	൦	൦
,,	,, ൨ാം ,,	,,	൪൦൦	൦	൦
പ്രധാന ടപ്പാൽ മേലധികാരി		,,	൧൫൦൦	൦	൦
സൂപർഇന്തെന്ത ടപ്പാൽ മേലധികാരി		,,	൯൦൦	൦	൦
തിരുവനന്തപുരത്തിലെ ഇങ്ക്ലിഷസ്ഥാനപതി			൨൭൦൦	൦	൦
രജിസ്ത്രാർ		,,	൨൧൩	൫	൪
പ്രധാന ചാപ്ലൻ (ഇങ്ക്ലിഷപാതിരി)		,,	൯൦൦	൦	൦
സാധാരണ ചാപ്ലൻ		,,	൫൦൦	൦	൦
ഇസ്കൂൾ ഇൻസ്പെക്ടർ		,,	൫൦൦—൧൦൦൦	൦	൦
ഡിപ്ടി ഇസ്കൂൾ ഇൻസ്പെക്ടർ		,,	,, ൩൫൦	൦	൦
തഹശ്ശീൽദാർ		,,	൧൫൦—൨൨൫	൦	൦

൩൨ സകലത്തിന്നും സമയവും വാനത്തിൻ കീഴിൽ എല്ലാ കൎമ്മത്തിന്നു കാലവും ഉണ്ടു. സഭ. ൩, ൧.

വിലാത്തിയിൽ വാഴുന്ന പ്രധാന രാജാക്കന്മാർ.

രാജ്യം.	രാജാവു.	ജനനം.	കിരീടാഭിഷേകം.
ഓസ്ത്രിയ	ഫ്രൻസിസ യൊസേഫ I. ചക്രവൎത്തി	൧൮ അഗ. ൧൮൩൦	൨ ഡിസ. ൧൮൪൮
ബവെരിയ	ല്വിവിസ് II. രാജാവു	൨൫ അഗ. ൧൮൪൫	൧൦ മാൎച്ച. ൧൮൬൪
ബൽജ്യം	ലെയൊപൊല്ദ II. രാജാവു	൯ എപ്രി. ൧൮൩൫	൧൦ ഡിസ. ൧൮൬൫
ദന്മാൎക്ക	ക്രിസ്ത്യൻ IX. രാജാവു	൮ എപ്രി. ൧൮൧൮	൧൫ നവ. ൧൮൬൩
ഇങ്ക്ലന്ത	വിക്തൊരിയ I. രാജ്ഞി	൨൪ മെയി. ൧൮൧൯	൨൦ ജൂൻ. ൧൮൩൭
പരന്ത്രീസ്സ	നപൊല്യൊൻ III. ചക്രവൎത്തി	൨൦ എപ്രി. ൧൮൦൮	൨൫ സപ്ത. ൧൮൫൨
ഗ്രീസ്	ജൊൎജ്ജ I. രാജാവു	൨൦ ഡിസ. ൧൮൪൫	൬ ജൂൻ. ൧൮൬൩
ഹൊല്ലന്ത	വില്യം III. രാജാവു	൧൯ ഫിബ്രു. ൧൮൧൭	൧൭ മാൎച്ച. ൧൮൪൯
ഇതല്യ	വിക്തൊർ ഇമ്മാനുവേൽ II. രാജാവു	൧൪ മാൎച്ച. ൧൮൨൦	൨൩ മാൎച്ച. ൧൮൪൯
പൊൎത്തുഗൽ	ദൊൻ ല്വിവിസ് I. രാജാവു	൩൧ ഒക്തൊ. ൧൮൩൮	൧൨ നവ. ൧൮൬൧
പ്രുശ്യ	വില്യം I. രാജാവു	൨൨ മാൎച്ച. ൧൭൯൭	൨ ജനു. ൧൮൬൧
രോമ	പിയൻ IX. പാപ്പാ	൧൩ മെയി. ൧൭൯൨	൧൬ ജൂൻ. ൧൮൪൬
രുശ്യ	അലക്ഷന്തർ II. ചക്രവൎത്തി	൨൯ എപ്രി. ൧൮൧൮	൨ മാൎച്ച. ൧൮൫൫
സഹസ	യോഹനാൻ രാജാവു	൧൨ ഡിസ. ൧൮൦൧	൯ അഗ. ൧൮൫൪
സ്ലൂന്യ	ജനവാഴ്ച	,,	,,
സ്വീദൻ-നൊൎവ്വയി	ചാരൎല്സ XV. രാജാവു	൩ മെയി. ൧൮൨൬	൮ ജൂലായി. ൧൮൫൯
തുൎക്കി	അബ്ദുള്ള അസ്സിൻഖാൻ	൯ ഫിബ്രു. ൧൮൩൦	൨൫ ജൂൻ. ൧൮൬൧

കല്ക്കത്തയിൽ വാഴുന്ന ഇന്ത്യയിലെ സൎവ്വദേശാധിപതിയും ഉപരാജാവുമായ മായൊ പ്രഭു ൧൨ാം ജനുവരി ൧൮൬൯ വാണു തുടങ്ങി.

തിരുവിതാംകൊട്ടയിലെ മഹാരാജാവു ൧൪ാം മാൎച്ച ൧൮൩൨ ജനിക്കയും ൧൯ാം ഒക്തോബർ ൧൮൬൦ രാജാധിപത്യം പ്രാപിക്കയും ചെയ്തു.

ചരിത്ര രത്ന ഗീതം.

ശീലാവതി രീതി.

പ്രഥമ പാദം.

---

൧. രക്ഷകൻ.

അത്യുന്നതനായ ദൈവം മനുഷ്യനെ അത്യന്ത ശുദ്ധനായ്സൃഷ്ടിച്ചാനെ ।
അന്തരമററവരെന്നും സുഖിപ്പതിന്നക്ഷയന്തന്നെ വണങ്ങിടേണം ॥
ആകിലവരെന്നും ചാകാതെ വാഴുമെ, അന്തം വരാതവർ ജീവിച്ചീടും ।
ആദി പിതാക്കളാമാദാമും ഹവ്വയും, അന്തകനായ്ത്തീൎന്ന സാത്താനാലെ ॥
വഞ്ചിതരായവർ ദൈവവിരോധമായി, വേഗേന പാപത്തിൽ വീണാരല്ലൊ ।
ഇങ്ങിനെ പാപികളായ നരന്മാൎക്കു മാരണമായി മരണം വന്നു ॥
മണ്ണാൽ മനഞ്ഞ ശരീരവും മണ്ണായി ചൂൎണ്ണമായ്മാററമനുഭവിപ്പൂ ।
എന്നാകിലുമുടയോനുടനാത്മാവെ ദണ്ഡത്തിൽനിന്നു താനുദ്ധരിപ്പാൻ ॥
നിൎണ്ണയിച്ചമ്പനാം തൻ പ്രിയപുത്രനെ മന്നിടം തന്നിൽ മനുജനായി ।
ജീവിച്ചു പാപത്തിൻശിക്ഷ പൊറുക്കുവാൻ ഏകി തൻ പുത്രനെ ലോകത്തിന്നു ॥
പുത്രനെ സ്നേഹിച്ചു വിശ്വസിപ്പോൎക്കെല്ലാം രക്ഷയെ വാഗ്ദത്തം ചെയ്തു ദൈവം ।
സ്വൎഗ്ഗീയതേജസ്സു വിട്ടിഹലോകത്തിൽ പട്ടു നമുക്കായ്മരിപ്പാൻ വന്നു ॥
ദേവകുമാരനെ സ്നേഹിച്ചു നമ്മുടെ രക്ഷകനാക്കി വരിച്ചീടേണം ।
ഏകി പിതാവു തൻ ഏക കുമാരനെ ലോകത്തെ വീണ്ടുടൻ രക്ഷിച്ചീടാൻ ॥
ആകയാലായവൻ തൻ തിരുനാമത്തിന്നെന്നെന്നും സ്തോത്രമുണ്ടാവൂതാക. ।

൨. ജഖൎയ്യ.

രാജാ ഹെരോദ യഹൂദയിൽ വാഴുമ്പോൾ, ജീവിച്ചിരുന്നു ജഖൎയ്യാചാൎയ്യൻ ।
തമ്പതിയാക മെലിശബയുമായി വമ്പുററ ദൈവത്തെ സ്നേഹിച്ചവർ ॥
സന്തതിയില്ലാഞ്ഞു ദുഃഖിച്ചെന്നാകിലും സന്തതം രക്ഷയെ പാൎത്തിരുന്നു ।
ഊഴമതാലവൻ ദേവാലയത്തിങ്കൽ, ധൂപം കഴിക്കും സമയത്തിങ്കൽ ॥
ധൂപപീഠാന്തികെ ദൈവദൂതം കണ്ടു, ഭീതനായ്ത്തീൎന്നു ജഖൎയ്യയപ്പോൾ ।
ഭീതിയരുതു നിൻ പത്നിയെലിശബ, സൂനുവിൻ മാതാവായ്ത്തീൎന്നീടുമെ ॥
ബാലനും നാമം നീ യോഹന്നാനെന്നേക ഭാരമല്ലായതു വിശ്വസിക്ക ।
വൃത്താന്തമിങ്ങിനെ കേട്ടു ഭ്രമിച്ചവൻ, വിശ്വസിച്ചീടാതിരിക്കകൊണ്ടു ॥
വാൎത്തകൾ വാസ്തവമായ്ത്തീരും നാളോളം, ഊമനായീടുന്നീയെന്നാൻ ദൂതൻ ।
ദൂതരും സ്വപ്നവുമല്ല നമുക്കിപ്പോഴാദരവേറും തൻ വാക്യത്താലെ ॥
സദ്വാൎത്തമാനമരുളുന്ന ദൈവത്തെ വിശ്വസിച്ചീടേണമല്ലൊ ഞങ്ങൾ ।
കൎത്താവെ ഞങ്ങടെ വിശ്വാസം മേല്ക്കുമേൽ, വൎദ്ധിപ്പിച്ചീടുക നാഥാ പൊററി ॥

൩. കന്യകയായ മറിയ.

ആചാൎയ്യനോടിവ ചൊന്നൊരനന്തരം, കാലമേറീടാതെ ദൂതൻ ചെന്നു ।
ദാവീദ്രാജാവിൻ കുഡുംബത്തിൽനിന്നുള്ള, ധന്യയാം കന്നിമറിയ തന്നെ ॥
ശാന്ത വിനീതയായ്ക്കണ്ടു ചൊല്ലീടിനാൻ ദേവകൃപ ലഭിച്ചോളെ വാഴ്ക ।
നാരികളിലത്യനുഗ്രഹമുള്ളവൾ എന്നിവ കേട്ടു ഭ്രമിച്ചാളവൾ ॥
ദൂതവചനങ്കേട്ടാശു കലങ്ങിയാൾ, ആകയാൽ ദൂതനുരച്ചാനിത്ഥം ।
ഏതുമെ പേടിക്ക വേണ്ടാ നിനക്കിപ്പോൾ ഏകനാംദൈവകൃപ ലഭിച്ചു ॥
ഗൎഭവതിയായ്നീ പുത്രനെ പെററീടും യേശുവെന്നമ്മകന്നേക നാമം ।
സ്വന്ത ജനങ്ങളെ പാപത്തിൽനിന്നുടൻ, വീണ്ടുടൻ രക്ഷിക്കുമായവന്താൻ ॥
എന്നതു കേട്ടിവയെന്നുമറിയുവാൻ, കന്യക വാഞ്ഛിച്ചതിനാൽ ദൂതൻ ।
ദൈവശുദ്ധാത്മാവു നിന്മേൽ വരും നൂനം ദിവ്യശക്തി നിങ്കലാച്ഛാദിക്കും ॥
എന്നതുകൊണ്ടു ജനിക്കുന്ന പൈതലുമുന്നതനന്ദനനായിടുമെ ।
എന്നിവ കേട്ടതിസന്തുഷ്ടയായ്ക്കന്നി നിൻവാക്കുപോലെനിക്കുണ്ടാകെന്നു ॥
ചൊന്നോരനന്തരം ദൂതൻ ഗമിച്ചപ്പോൾ ചൊന്നാൾ സ്തുതിഗാനം ദൈവത്തിന്നു ।

൪. യേശുവിൻ ജനനം.

ചൊല്ലേറുണ്ടു കാനാമ്പുരത്തിൽ നചരെത്തിൽ പാൎത്ത മറിയ വിവാഹത്തിന്നു ।
ദാവീദ്യനാകിയ യോസേഫാം തച്ചനെ നിശ്ചയിച്ചമ്പോടെ വാഴുംകാലം ॥
നച്ചറത്തുരിലല്ലേശു പിറന്നതു, പണ്ടു പ്രവാചകൻ ചൊന്ന പോലെ ।
ബെത്ലഹേമൂരിൽ പിറന്നവാറമ്പോടു വിസ്താരം കൂടാതെ ചൊല്ലീടുന്നേൻ ॥
താന്താങ്ങൾ തങ്ങടെ സ്വന്തപുരങ്ങളിൽ, പേൎവ്വഴി ചാൎത്തിപ്പാനാജ്ഞാപിച്ചു ।
രാജാജ്ഞകൊണ്ടവർ സ്വന്തപുരമായ, ദാവീദ്പുരമാകും ബെത്ലഹേമിൽ ॥
പേർവഴി ചാൎത്തിപ്പാനായ്പന്ന കാലത്തു, പാൎപ്പാനിടമില്ലാതായമൂലം ।
ഗോശാലയിങ്കലകന്നൃകി പാൎക്കുന്നാൾ രാത്രയിലേശു ജനിച്ചവിടെ ॥
ബാലകന്തന്നുടൽ ജീൎണ്ണവസ്ത്രം ചുററി കാലികൾ തൊട്ടിയിൽ പോററികൊണ്ടാർ ।
യേശുവുമന്യശിശുക്കൾക്കു തുല്യനാം ഭേദിച്ചീടുന്നതൊ പാപംകൊണ്ടു ॥
ദേഹത്തിൽ വന്നുള്ള ദൈവമാമായവൻ പാപമില്ലാതെ പിറന്നാനല്ലൊ ।
ശക്തനാം ദൈവമെന്നത്ഭുതനാമത്തിൽ കിട്ടി നമുക്കൊരു ബാലകനെ ॥

൫. ഇടയന്മാർ.

യേശു ജനിച്ചന്നു രാത്രിയിൽ മേപ്പന്മാർ, കൂട്ടത്തെ മേച്ചു പറമ്പിൽ പാൎത്തു ।
ബെത്ലഹേംസന്നിധി തന്നിലമ്മെതാനെ അന്ധകാരം കൊണ്ടിരുണ്ടനേരം ॥
ഒക്കെ ജ്വലിക്കുന്ന ശുദ്ധ വെളിച്ചമങ്ങൊക്കെ പ്രകാശിച്ചു കണ്ടാരപ്പോൾ ।
ചൊന്നൊരു തേജസ്സ്വിയാകിയ ദൂതൻ തൻമംഗല ദൂതിതു കേൾപ്പിൻ നിങ്ങൾ ॥
പേടിക്ക വേണ്ടിന്നു സൎവ്വ ജനങ്ങടെ രക്ഷകനായ്യേവുമേശു ക്രിസ്തുൻ ।
ജാതനായെന്നുള്ള സദ്വൎത്തമാനത്തെ സാമോദം കേട്ടിട്ടിടയന്മാരും ॥

കണ്ടെത്തും ദിക്കുമറിഞ്ഞൊരനന്തരം ദൂതസംഘങ്ങളൊന്നിച്ചു കൂടി ।
അത്യുന്നതങ്ങളിൽ ദൈവത്തിൻ തേജസ്സും ഭൂമിയിൽ ശാന്തിയുമത്രയല്ല ॥
മാനുഷരിങ്കൽ പ്രസാദവുമുണ്ടെന്നു വാനവർ ചൊന്നു മറഞ്ഞ ശേഷം ।
മേച്ചന്മാർ പോയി മഹത്വത്തെ കാണ്മവാൻ മെയ്യായവർ കണ്ടു സന്തോഷിച്ചാർ ॥
നല്ല സുവിശേഷമെല്ലാർക്കുമായ്ക്കൊണ്ടു ദൂതന്മാർ കൊണ്ടിങ്ങു വന്നാരല്ലൊ ।
പാട്ടിതു പാടുന്ന നിങ്ങൾക്കുമെല്ലാമെ രക്ഷിതാവായി മരുവീടുവാൻ ॥
ഇച്ഛിക്കുന്നേശുതാനിക്ഷണം നിങ്ങളെ ശിക്ഷയിൽ രക്ഷിക്കും നിശ്ചയംതാൻ ।

൩. വിദ്വാന്മാർ.

അത്യന്തം ദൂരത്തിൽ പാർക്കുന്ന വിദ്വാന്മാർ അത്യാശ്ചര്യമൊരു നക്ഷത്രത്തെ ।
ആകാശം തന്നിലുദിച്ചതുകൊണ്ടവർ ഉന്നതരാജജനനം കണ്ടു ॥
മന്നനെ കാണ്മവാനില്ലവും വിട്ടവർ നല്ലൊരം വന്നാരെരുശലേമിൽ ।
പൂജ്യനായീടുമെഹ്രെദരുടെ മന്നനെങ്ങുദിച്ചീടുമെന്നന്വേഷണം ॥
ചെയ്തു കൂടാതെ ഞങ്ങളവനുടെ നക്ഷത്രം പൂർവ്വത്തിൽ കണ്ടവനെ ।
കുമ്പിടാൻ വന്നെന്നു കേട്ടു ഹെരോദതാൻ സംഭ്രമത്തോടെ പുരോഹിതരെ ॥
കൂട്ടി വരുത്തി മശീഹാജനിപ്പേടമെങ്ങെന്നു ചോദിച്ചറിഞ്ഞ നേരം ।
മന്നവൻ ബെത്ലഹേമൂരിൽ പിറക്കുമെന്നങ്ങവർ ചൊന്നതു കേട്ട ശേഷം ॥
പണ്ഡിതർ പോകുന്ന നേരത്തു താരകമുച്ചത്തിൽനിന്നു വഴി നടത്തി ।
ബാലകന്മേവുന്നൊരാലയത്തിന്മുമ്പിൽ നക്ഷത്രം നിന്നതു കണ്ടവരും ॥
മെല്ലവെ പൊന്നും സൌരഭ്യവർഗ്ഗങ്ങളും മന്നവൻ തന്മുമ്പിൽ വെച്ചു കൂപ്പി ।
പണ്ഡിതന്മാർ ശിശു തന്നെ തൊഴുതുകൊണ്ടുല്ലാസമോടെ തിരിച്ചു പോയാർ ॥
യേശുവിന്നേതാനും സമ്മാനം വെക്കുക വേണമൊ നാമെന്നു ചോദിച്ചാകിൽ ।
സന്ദേഹമില്ലവൻ സ്വന്ത ഹൃദയങ്ങൾ സമ്മാനിച്ചീടുവാൻ വാഞ്ഛിക്കുന്നു ॥
സർവ്വ ലോകത്തിന്നും രാജാവായ്മേവുന്നു ദൈവം താനെന്നു ധരിക്കെപ്പോഴും ।

൪. ഹെരോദ.

താനൊഴിഞ്ഞൊരുമരുതൊരു രാജാവു ജ്രുതക്കെന്നല്ലൊ ഹെരോദമതം ।
ആകയാൽ ദുഷ്ടനാം രാജാവു പണ്ഡിതർക്കാഗതരായി വരുമ്പോൾ നിങ്ങൾ ॥
കുഞ്ഞനെ കണ്ടതിങ്ങെന്നെ ഗ്രഹിപ്പിക്ക എന്നങ്ങു ചൊന്നവൻ തന്നെ കൊല്വാൻ ।
ദൈവമൊ പണ്ഡിതന്മാരോടു സ്വപ്നത്തിൽ ദുഷ്ട ഹേരോദനെ കാണാഴ്വാനായി ॥
ചൊന്നതു പോലവർ തങ്ങടെ ദേശത്തിൽ ചെന്നതാൽ മന്നവൻ കോപം പൂണ്ടു ।
രണ്ടു വയസ്സിന്നകത്തുള്ള ബാലരെ ബെത്ലഹേം തന്നിലങ്ങെല്ലാടവും ॥
ഒന്നൊഴിയാതെ മുടിപ്പാനായ്ക്കല്പിച്ചു യേശുവുമായതിലായെന്നോർത്തു ।
സ്വപ്നത്തിൽ യോസേഫിന്നുണ്ടായി ദേവാരുൾ കുട്ടിയെ മാതാവിനോടും കൂടെ ॥
മിസ്രെക്കു കൊണ്ടുപോയ്ക്കാതകി ചാവോളം ഭദ്രമായ്പാർപ്പിപ്പാനാജ്ഞാപിച്ചു ।
ദുഷ്ടന്മാർ ശിഷ്ടരെ ദണ്ഡിപ്പാനെത്തിക്കും ദൈവമനുവദിച്ചാലതാവു ॥
ദൈവത്തിൽ നിന്നെ തുണവരുമെന്നെല്ലൊ മോദമായ്ഭക്തരുരച്ചീടുന്നു ।

ന്നു കർത്താവിനോടു ചേർന്നിരിക്കുന്നവൻ ഏകാത്മാവാകുന്നു. ൧ കൊരി. ൬, ൧൭.

൮. യേശുവിന്റെ ശിശുത്വം.

പാതകിയായ ഹെരോദ മരിച്ചപ്പോൾ യോസേഫു തന്റെ മറിയയുമായി ।
നച്ചരത്തൂരിൽ വന്നങ്ങു വസിച്ചപ്പോൾ യേശുവും മുന്തി വളൎന്നവിടെ ॥
ജ്ഞാനത്തിലുമവൻ ദേവസ്നേഹത്തിലും മാനുഷരോടുള്ള പക്ഷത്തിലും ।
നല്ല വിശുദ്ധിയിലേററം മുതിൎന്നവൻ സ്നേഹപരിപൂൎണ്ണനായും വന്നു ॥
ഈരാറുപ്രായമായപ്പോഴും മശാന്തരെ മാതാപിതാക്കളൊടൊന്നായവൻ ।
ഉത്സവത്തിന്നായെരുശലെം തന്നിലെ ദേവാലയത്തിൽ താൻ ചെന്ന കാലം ॥
ഉത്സാഹം പൂണ്ടവരുത്സവം തീൎന്നിട്ടു വീട്ടിൽ മടങ്ങിയാരക്കാലത്തിൽ ।
യേശുവെ കാണാഞ്ഞിട്ടാശു തിരിച്ചവർ മൂന്നു നാൾ പിന്നെ യരുശലേമിൽ ॥
ശാസ്ത്രികൾ മദ്ധ്യേയിരുന്നു ചോദിക്കുന്നൊരേശുവെ കണ്ടവരത്ഭുതമായ് ।
നൊന്തിതാ ഞങ്ങൾ തിരയുന്നു നിന്നെ എന്നന്തികെ ചെന്നു പറഞ്ഞ നേരം ॥
എന്തിനായെന്നെ തിരയുന്നിതു നിങ്ങൾ എൻപിതാവിന്റേതിൽ ഞാനിരിക്ക ।
വേണമെന്നുള്ളതറിയുന്നില്ലെ നിങ്ങൾ എന്നുരച്ചായവരോടു കൂടി ॥
ചെന്നുടൻ നച്ചരത്തൂരിലവൎക്കവൻ നന്നായടങ്ങിയൊതുങ്ങി പാൎത്തു ।
നമ്മുടെ സ്വൎഗ്ഗസ്ഥനായ പിതാവിന്റെ ചിത്തമറിഞ്ഞു നടക്കേണം നാം ॥
യേശുവെ പോലെ പിതാക്കൾക്കധീനനായ്പ്പോവുവാനാഗ്രഹമുണ്ടെന്നാകിൽ ।
കുട്ടികളെ നിങ്ങൾ മാതാപിതാക്കളെ ഒട്ടും പിഴക്കാതനുസരിക്ക ॥

൯. യോഹന്നാന്റെ പ്രസംഗം.

ആറഞ്ചു പ്രായം തികഞ്ഞൊരു യോഹനാൻ ദൈവനിയുക്തനായ്പ്പോഷണത്തിൽ ।
വേല തുടങ്ങി യഹൂദൎക്കു ഘോഷിച്ചിട്ടേശുവിന്നായി വഴിയൊരുക്കി ॥
നാട്ടു നഗരങ്ങളിലല്ലവനുടെ ഘോഷണവേല നടത്തിയതു ।
കാനാനന്തന്നിലെ തേനുണ്ടു തുള്ളനെ തിന്നിട്ടങ്ങൊട്ടകരോമംകൊണ്ടു ॥
അങ്കിയുടുത്തൊരു തോൽവാറും കെട്ടിയ സ്നാപകൻ പാൎത്തു മരുസ്ഥലത്തിൽ ।
ഘോഷപ്രസംഗമനുതാപം ചെയ്യുവാൻ പാപംപകച്ചിനി ചെയ്യീടായ്വിൻ ॥
നാമുമനുതപിച്ചീടേണമൊ സത്വം നാമെല്ലാം പാപികളാകകൊണ്ടു ।
മാനസം മാറാതെ സ്വൎഗ്ഗം കരേറുവാൻ മാനുഷൎക്കൊന്നും കഴികയില്ല ॥
നൽഫലം നല്കാത വൃക്ഷങ്ങളെല്ലാമെ വെട്ടി തീയിങ്കലങ്ങിട്ടീടുമെ ।
സൽക്രിയ നൽഫലമുള്ളവരാകുവാൻ ദൈവത്തെ യാചിക്കവേണം ഞങ്ങൾ ॥
സത്യാനുതാപങ്കൊണ്ടിപ്പോൾ സുവിശേഷം സാദരം വിശ്വസിച്ചീടേണം നാം ।

൧൦. യേശുവിൻ സ്നാനം.

വന്ന ജനങ്ങളെ സ്നാനപ്പെടുത്തുകകൊണ്ടല്ലൊ യോഹന്നാൻ സ്നാപകനാം ।
ദേഹമലിനമൊഴിപ്പിപ്പാനല്ലവൻ സ്നാനത്താൽ സൂചിച്ചതന്തൎഭാഗം ॥
കേവലം ശുദ്ധി വരുത്തുവാൻ ദൈവം താൻ ശക്തനായ്പ്പോവുന്നു മററില്ലാരും ।
സ്നാനത്തിന്നായ്വന്നവരുടെ മദ്ധ്യത്തിൽ ദോഷമില്ലാതവനായൊരേശു ॥
സ്നാനപ്പെടുവാനൊരുമ്പെട്ടുവന്നപ്പോൾ യോഹന്നാനാദ്യം ചെറുത്തു നിന്നാൻ ।

നിന്നാലെനിക്കല്ലൊ സ്നാനമുപയോഗം എന്നാൽ നീ എങ്കന്നതേല്പതെന്തു ||
എന്നതിനേശുവുമുത്തരം ചൊല്ലിനാൻ ഇന്നിതു പൂരിക്ക യോഗ്യമത്രെ |
എന്നേകി യോഹന്നാൻ സ്നാനമങ്ങേല്പിച്ചു മുങ്ങി നിവിരുന്നോരേശുവിന്മേൽ ||
ആത്മാവു പ്രാവുപോൽ വന്നിറങ്ങിപ്പാൎത്തു ദൈവത്തിൻ സാക്ഷ്യവുമുണ്ടായിത്ഥം |
എൻപ്രിയ പുത്രനിവന്തങ്കലെപ്പോഴും ഞാൻ പ്രസാദിക്കുന്നുവെന്നു തന്നെ ||
ദൈവപ്രിയനാകുമേശുവോടെപ്പോഴും പക്ഷവാദം ചെയ്യാൻ പ്രാൎത്ഥിക്കേണം |
കുട്ടില്ലാപ്രാവിനങ്ങൊത്തു ചമഞ്ഞു നീ ആയവങ്കന്നു പഠിച്ചുകൊൾക ||

ഒരു പുതിയ വസ്ത്രം.

പശ്ചിമോത്തര ദിക്കിൻെറ ഒരു മഹാനഗരത്തിൽ ബഹു സാധുവായ ഒരു യുവാവു പല വിദ്യാശാലകളിൽ പ്രവേശിച്ചും നാനാവിദ്യകളെ ശീലിച്ചും പരീക്ഷ കൊടുത്തുംകൊണ്ടു നല്ലൊരു ബോധകനായ്തീൎന്നു എങ്കിലും, അവൻ അമ്മയപ്പന്മാരും ജ്യേഷ്ഠാനുജന്മാരും മററുള്ള ബന്ധുക്കളും സ്ഥിരമായ വരവും ഇല്ലാത്തവൻ ആകകൊണ്ടു നാൾ കഴിക്കേണ്ടതിന്നു വളരെ പ്രയാസപ്പെട്ടു പോയി. അവൻ അല്പം ചില കുട്ടികളെ പഠിപ്പിച്ചും വല്ല ബോധകനു ദീനം ആകുമ്പോൾ ആയവനു പകരമായി പള്ളിയിൽ പ്രസംഗിച്ചുംകൊണ്ടു വല്ലതും നേടി, വളരെ കാലം ഒർ ഉദ്യോഗത്തിന്നായി കാത്തിരുന്നു. ആ കാലത്ത് ഒക്കയും അവൻെറ വരവു ഏററം ചുരുക്കം അത്രെ എന്നിട്ടും തൻെറ ദുൎഭിക്ഷത്തിൽനിന്നു ഏതാനും സൂക്ഷിച്ചു വെക്കേണം എന്നു അവൻ നിശ്ചയിച്ചു കൂടക്കൂട ചില നാണ്യങ്ങളെ ഒരു കണ്ടം കടലാസിൽ ചുരുട്ടി കെട്ടി. ഈ മുതൽ നിൻേറതല്ല ഒരു സ്നേഹിതനു വേണ്ടി സൂക്ഷിച്ചുവെപ്പാൻ കിട്ടിയതത്രെ എന്ന വാക്ക ആ കെട്ടിന്മേൽ എഴുതി തൻെറ പെട്ടിയിൽ ഇട്ടു. ഇങ്ങിനെ കാലക്രമേണ അവൻെറ നിധി വൎദ്ധിച്ചുപോന്നു.

പിന്നെ അവൻ ഒരു ദിവസം പെട്ടി തുറന്നു കെട്ടുകളെ അഴിച്ചു തൻെറ പണം എണ്ണിനോക്കി നാല്പതിൽ ചില്വാനം ഉറുപ്പിക ഉണ്ടു എന്നു കണ്ടു സന്തോഷിച്ചു, ഇതിനെകൊണ്ടു ഞാൻ എന്തു വേണ്ടു എന്നു വിചാരിച്ചു, എനിക്ക ഉടുപ്പുള്ളതു ഒരു താണ മാതിരി പഴക്കവും ഉണ്ടു ഞാൻ നല്ലൊരു വസ്ത്രം വാങ്ങി ഉടുക്കട്ടെ എന്നു നിശ്ചയിച്ചു പണം കൈക്കൽ എടുത്തു അങ്ങാടിയിലേക്ക പോകുവാൻ പുറപ്പെട്ടു അല്പം നടന്ന ശേഷം, എത്രയും മെലിഞ്ഞും മുഖവാട്ടം പിടിച്ചും സങ്കടപ്പെട്ടും ഇരിക്കുന്ന ഒരു ആണ്കുട്ടി നേരിട്ടു വന്നു.

തോഴത്തു: തമ്പുരാനെ, ഒരു പൈശ തരേണം, ഒരു പൈശ തരേണം എന്നു ചൊല്ലിക്കൊണ്ടിരിക്കുന്നതിനെ അവൻ കൂട്ടാക്കാതെ മുന്നോട്ടു ചെല്ലുംതോറും കുട്ടിയും അവന്റെ വഴിയെ വന്നു വിടാതെ, ദയ വിചാരിച്ചു എനിക്കു ഒരു പൈശ തരേണം എന്നു പറഞ്ഞുകൊണ്ടിരുന്നു. അപ്പോൾ ബോധകൻ നിന്നു: പൈശ കൈക്കൽ കിട്ടിയാൽ നീ അതിനെകൊണ്ടു എന്തു ചെയ്യും എന്നു ചോദിച്ചതിന്നു: ബാലൻ ഞാൻ അതിനെ വീട്ടിലേക്കു കൊണ്ടുപോകും. അച്ഛനും അമ്മയും ദീനമായി കിടക്കുന്നു ഭക്ഷിപ്പാനും കുടിപ്പാനും ഒരു വസ്തുവും ഇല്ല എന്നു പറഞ്ഞാറെ, അവൻ: അങ്ങിനെ തന്നെയൊ എന്നു ചൊല്ലി അവനു ഒരു പൈശ കൊടുത്തു, നീ കളവു പറഞ്ഞു എങ്കിൽ അതു നിന്റെ കുററമത്രെ എന്നു പറഞ്ഞു നടന്നു.

എന്നതിൽ പിന്നെ അവൻ തുണി വില്ക്കുന്ന ഒരു പീടികയിൽ കയറി ചരക്കു എല്ലാം കണ്ടു വിലയും അറിഞ്ഞു വേണ്ടുന്നതു വാങ്ങുവാൻ ൩൮ ഉറുപ്പിക കൂടാതെ കഴിക ഇല്ല എന്നു കേട്ടു ഒരു കൂട്ടം ഉടുപ്പിന്മേൽ ഞാൻ ഇത്ര കാലമായി ശേഖരിച്ച മുതൽ എല്ലാം കളയേണ്ടിവരുമല്ലൊ. അതരുതു; ഉള്ള ഉടുപ്പു ഇനിയും കുറയ ദിവസത്തേക്ക് മതി എന്നു നിശ്ചയിച്ചു പീടിക വിട്ടു മടങ്ങി ചെന്നു വഴി നടക്കുമ്പോൾ, തന്നോടു പൈശ യാചിച്ച കുട്ടിയെ ഓൎത്തു ഒരു മണിക്കൂറോളം പല തെരുക്കളിലും വീഥികളിലും കൂടി ഉഴന്നു നടന്ന ശേഷം കുട്ടിയെ കണ്ടു. പിന്നെ അവൻ ഞാൻ നിണക്കു തന്ന പൈശ നീ വീട്ടിലേക്കുകൊണ്ടുപോയൊ എന്നു ചോദിച്ചപ്പോൾ, ബാലൻ: ഇല്ല തമ്പുരാനെ! എനിക്കു ഇനിയും രണ്ടു മൂന്നു പൈശ കൂട കിട്ടേണം. വീട്ടിൽ അവൎക്കു ഭക്ഷിപ്പാൻ ഒരു വസ്തുവുമില്ല എന്നു പറഞ്ഞാറെ, ബോധകൻ എന്നാൽ ഞാൻ തന്ന പൈശ കാണിക്ക എന്നു കല്പിച്ചപ്പോൾ, ബാലൻ അതിനെ ഉടനെ കാണിച്ചു ഇന്നു ഇതിനെ മാത്രം കിട്ടിയതേയുള്ളു എന്നു കരഞ്ഞുംകൊണ്ടു പറഞ്ഞു. എന്നാൽ ബോധകൻ കുട്ടിയെ, കരയല്ല എന്നെ നിന്റെ വീട്ടിലേക്കുകൊണ്ടുപോക എന്നു ചൊല്ലി ഇരുവരും പല തെരുക്കളിൽ കൂടി നടന്നു ആ വീട്ടിൽ എത്തിയപ്പോൾ, ഏകദേശം ഇരുട്ടായിരുന്നു. അവൻ മുറിയിൽ പ്രവേശിച്ചാറെ, ദീനം പിടിച്ചു കിടക്കുന്ന ഒരു ഭൎത്താവിനെയും അവന്റെ ഭാൎയ്യയെയും വിശക്കുന്ന രണ്ടു ചെറിയ കുട്ടികളെയും നിലത്തു കിടക്കുന്നതു കണ്ടു, അയ്യൊ കഷ്ടം! നിങ്ങൾക്കു ദീനം ഉണ്ടല്ലൊ. നിങ്ങളുടെ അവസ്ഥയെ

എന്നോടു വിവരിപ്പാൻ നിങ്ങൾ ശങ്കിക്കേണ്ട; പക്ഷെ നിങ്ങൾക്കു സഹായിപ്പാൻ വേണ്ടി ദൈവം എന്നെ അയച്ചിരിക്കുന്നു എന്നു ബഹു ലാവണ്യമായി പറഞ്ഞ ശേഷം, ആ പുരുഷൻ: ഞങ്ങൾക്കു ദീനമായതു പെരുത്തു നാൾ ആയി. പിന്നെ ഒരു വേലയും ചെയ്വാൻ കഴിയായ്കകൊണ്ടു ദാരിദ്ര്യം അത്യന്തം വൎദ്ധിച്ചു അല്പം വെള്ളം കുടിപ്പാൻവേണ്ടി ഓരൊ വീട്ടുസാമാനം വില്ക്കേണ്ടിവന്ന ശേഷം, വീട്ടുകൂലിയും കൊടുക്കേണ്ടുന്ന സമയം എത്തിയപ്പോൾ, വീട്ടുടയവൻ വന്നു കൂലി കിട്ടുക ഇല്ല എന്നു ഓൎത്തു ശേഷം വസ്തു പിടിച്ചു കെട്ടി ഞങ്ങളെ വെറും നിലത്തിന്മേൽ കിടക്കുമാറാക്കി പോന്നു എന്നു മഹാദുഃഖത്തോടെ പറഞ്ഞു. നിങ്ങൾ വൈദ്യനെ വിളിച്ചുവൊ എന്നു ബോധകൻ ചോദിച്ചതിന്നു. വിളിച്ചില്ല, പണമില്ലാത്തവൻ എങ്ങിനെ ചികിത്സിപ്പിക്കും എന്നു ദീനക്കാരൻ പറഞ്ഞു. എന്നാൽ നിങ്ങൾ എന്തു തിന്നുന്നു എന്നു അവൻ ചോദിച്ചാറെ, ഹാ ദൈവമെ! എന്തു തിന്നുന്നു എന്നൊ. ഈ ചെറുക്കൻ ഇരന്നു കിട്ടി ഞങ്ങൾക്കുകൊണ്ടു വരുന്നതേയുള്ളു. എന്നു അവൻ പറഞ്ഞു. പിന്നെ ഈ ചെറിയ കുട്ടികൾ എന്തു ചെയ്യുന്നു എന്നു ചോദിച്ചപ്പോൾ, അമ്മ പൊട്ടി കരഞ്ഞു, അയ്യോ ഇവരുടെ സങ്കടം എനിക്കു സഹിച്ചു കൂടാ എന്നു പറഞ്ഞു കുട്ടികളും ഭക്ഷണത്തിന്നായി കരഞ്ഞു കൊണ്ടിരിക്കുമ്പോൾ, ബോധകൻ കുറയ നേരം മിണ്ടാതെ പാൎത്ത ശേഷം, നിങ്ങൾ കരയേണ്ടാ ദൈവം നിങ്ങളുടെ സങ്കടം കണ്ടു എന്നെ നിങ്ങൾക്കു സഹായിപ്പാനാക്കി വെച്ചിരിക്കുന്നു എന്നു പറഞ്ഞു.

പിന്നെ അവൻ അവരെ വിട്ടു, ഒരു പീടികയിൽ ചെന്നു ചെറിയൊരു വിളക്കും വെളിച്ചെണ്ണയും വാങ്ങി മടങ്ങിവന്നു തിരി കത്തിച്ചു ആ ദരിദ്രരുടെ മുറിയിൽ വെച്ചാറെ, ബാലനെ കൂട്ടി ഒരു അപ്പക്കൂട്ടിൽനിന്നു രണ്ടു മൂന്നപ്പം വാങ്ങി അവന്നു കൊടുത്തു. അവനെ അമ്മയപ്പന്മാരുടെ അടുക്കൽ പറഞ്ഞയച്ചു. എന്നാറെ, അവൻ തന്റെ വീട്ടിൽ പോയി നല്ലൊരു കഞ്ഞി ഉണ്ടാക്കിച്ചു സ്വന്ത കൈകൊണ്ടു ആ ദരിദ്രരുടെ അടുക്കൽ കൊണ്ടു പോയി അവരുടെ മുമ്പിൽ വെച്ചു, ദൈവാനുഗ്രഹത്തിന്നായി പ്രാൎത്ഥിച്ച ശേഷം, അവർ എല്ലാവരും കുടിച്ചു തൃപ്തന്മാരായാറെ, അവൻ വേദപുസ്തകത്തെ എടുത്തു. കൎത്താവു എന്റെ ഇടയൻ എനിക്കു ഒന്നും കുറയാ എന്ന വാക്കിനാൽ തുടങ്ങുന്ന സങ്കീൎത്തനം വായിച്ചു രണ്ടാമതും പ്രാൎത്ഥിച്ചു

എല്ലാവരുടെ കൈ പിടിച്ചു സലാം, നാളെ ഞാൻ പിന്നെയും വരും എന്നു പറഞ്ഞു പുറപ്പെട്ടു സന്തോഷവും ദൈവസമാധാനവും കൊണ്ടു നിറഞ്ഞവനായി തന്റെ വീട്ടിൽ എത്തുകയും ചെയ്തു.

പിറേറന്നു രാവിലെ അവൻ ഒരു വൈദ്യനെ ചെന്നു കണ്ടു: നിങ്ങൾ ആ ദീനക്കാരെ നോക്കി വേണ്ടുന്ന ചികിത്സ ചെയ്യേണം. അതിന്റെ ചിലവിനെ ഞാൻ കണ്ടുകൊള്ളും എന്നു പറഞ്ഞു വീട്ടുടയവന്റെ വീട്ടിലും ചെന്നു അവരുടെ മേൽ കടമായ വീട്ടുകൂലിയും കൊടുത്തു തീൎത്തു, അവൻ പിടിച്ചുകൊണ്ടു പോയിരുന്ന സാമാനങ്ങളെ മടക്കി അയച്ചു അവരെ നോക്കുവാനും വേണ്ടുന്ന ശുശ്രൂഷ ചെയ്വാനും ഒരു പണിക്കാരത്തിയെ വെച്ചു തന്റെ വീട്ടിൽനിന്നു ഉണ്ടാക്കിച്ചു ഭക്ഷണം അവൎക്കു നാൾ തോറും കൊടുത്തയക്കയും താൻ ചെന്നു അവരെ കാണ്കയും ചെയ്യുമ്പോൾ, ഒക്കയും ഞാൻ വിശന്നു നിങ്ങൾ തിന്മാൻ തന്നു. രോഗിയായി നിങ്ങൾ എന്നെ വന്നു നോക്കി എന്നു കൎത്താവിന്റെ വചനം ഓൎത്തു സന്തോഷിച്ചു.

കുറയകാലം കഴിഞ്ഞാറെ, ആ ദീനക്കാരനും അവന്റെ ഭാൎയ്യെക്കും സൌഖ്യമായതല്ലാതെ, ദൈവകാൎയ്യത്തിലുള്ള ഉദാസീനതയും ഉപേക്ഷയും തള്ളി, നല്ല ദൈവപ്രിയരായി കൎത്താവിന്റെ വഴിയിൽ നടന്നു തുടങ്ങി. ബോധകൻ അവരെ സ്വസ്ഥതപ്പെടുത്തുവാൻ പതിനെട്ടു ഉറുപ്പികയോളം ചിലവാക്കിയ ശേഷം, പണശിഷ്ടം അവൎക്കു കടമായി കൊടുത്തു. ആയതിനെ അവർ വാങ്ങി, ദീനവും ദാരിദ്ര്യവും നിമിത്തം വീണു പോയ തങ്ങളുടെ മുമ്പേത്ത തൊഴിൽ വീണ്ടും നടത്തിച്ചു പ്രാൎത്ഥനയും ദൈവഭയവും ദൈവാനുഗ്രഹവും ഉണ്ടാകകൊണ്ടു മററുള്ളവൎക്കു ഉപകാരം ചെയ്വാൻ കൂട പ്രാപ്തിയുള്ളവരായി തീൎന്നു.

ഇതിന്നിടയിൽ ആ ബോധകൻ ഒരു ദിവസം വീട്ടിൽ എത്തി മേശമേൽ ഒരു കത്തിനെ കണ്ടു തുറന്നു നോക്കി വായിച്ചു, തനിക്കു വേറെ ഒരു നഗരത്തിൽ വലിയ ഒരു ഉദ്യോഗം കിട്ടി, ആയതിനെ നടത്തിപ്പാൻ വേഗം ചെല്ലേണം എന്ന സൎക്കാർ കല്പന കണ്ടു സന്തോഷിച്ചു, തന്റെ ദരിദ്രരായ സ്നേഹിതന്മാരോടു വിടവാങ്ങി യാത്രയായി. ഹാ കൎത്താവെ! ഞാൻ നിണക്കായിട്ടു ചിലവാക്കിയ നാല്പതു ഉറുപ്പികകൊണ്ടു നീ എന്നെ മഹാ സമ്പന്നനാക്കിയല്ലൊ. നിണക്കു എന്നും സ്തുതിയും ബഹുമാനവും ഉണ്ടാവൂതാക എന്നു പ്രാൎത്ഥിച്ചു പോന്നു.

ദാശനും ദ്വാരപാലനും.

ഇതല്യ രാജ്യത്തിൽ പാൎത്തിരുന്ന ഒരു ധനികൻ ബന്ധുക്കൾക്കും തോഴന്മാൎക്കും ഒരു സദ്യയെ കഴിപ്പാൻ നിശ്ചയിച്ചു, ബഹു തരങ്ങളായ ഭോജ്യങ്ങളെയും ഒരുക്കിവെച്ചു എങ്കിലും, മീൻ കിട്ടായ്കയാൽ ക്ലേശിച്ചു കൊണ്ടിരിക്കുമ്പോൾ, ഒരു തോണിക്കാരൻ വലിയ ഒരു മീൻ പിടിച്ചു ആ ധനികന്റെ വീട്ടിലേക്കു ചെന്നു പടിപ്പുരക്കൽ എത്തിയപ്പോൾ, ദ്വാരപാലൻ നേരിട്ടു സന്തോഷിച്ചു. നിങ്ങൾ വന്നതു നന്നായി നാളെ ഇവിടെ ഒരു മഹോത്സവം ഉണ്ടു, മത്സ്യം ഇല്ലായ്കയാൽ തമ്പുരാൻ എത്രയൊ വിഷാദിക്കുന്നു. നിങ്ങൾക്കു ഏററം നല്ല വില കിട്ടും എങ്കിലൊ, വില പാതി എനിക്കു തരണം അല്ലാഞ്ഞാൽ ദൈവത്താണെ ഞാൻ നിങ്ങളെ കയററുകയില്ല എന്നു പറഞ്ഞു സത്യം ചെയ്തതിനെ ദാശൻ കേട്ടു. അയ്യോ മഹാനെ! ഈ ജനം ഒരു മഹാസാധു. നാലഞ്ചു കുട്ടികളെ വേല ചെയ്തു രക്ഷിക്കേണം. വില പാതി അങ്ങു തരേണം എന്നു കല്പിക്കുന്നതു മഹാസങ്കടം എന്നു പറഞ്ഞാറെ, കാവൽക്കാരൻ എന്നാൽ നിങ്ങൾ ഈ വാതിലിനെ കടക്കയില്ല; മീൻകൊണ്ടു പോയി ഇഷ്ടമുള്ളേടത്തു വില്ക്കുക എന്നു ക്രുദ്ധിച്ചു പറഞ്ഞപ്പോൾ, മീൻ പിടിക്കാരന്റെ ഭാവം മാറി വില പാതി തരാമല്ലൊ എന്നു ചൊല്ലി അകത്തു ചെന്നു നടുമുററത്തു കയറി, മീൻ ഇതാ വേണമൊ എന്നു കൂക്കിയാറെ, ധനവാൻ സന്തോഷിച്ചു, വേണം വേണം വില എന്തു എന്നു ചോദിച്ചതിന്നു: ദാശൻ എൻ വെറുംമേനിക്കു നൂറടി. അതിൽ ഒന്നു പോലും കുറകയില്ല. കുറകിലൊ മീൻകൊണ്ടു പോകും നിശ്ചയം എന്നു കേട്ട ശേഷം, ധനികൻ: നിങ്ങൾക്കു ഭ്രാന്തു പിടിച്ചുവൊ? അല്ല നമ്മെ പരിഹസിപ്പാൻ വന്നുവൊ എന്നു ചോദിച്ചാറെ, മീൻ പിടിക്കാരൻ ഞാൻ ഭ്രാന്തനല്ല, മൂഢനുമല്ല, തമ്പുരാനെ പരിഹസിപ്പാൻ വന്നവനുമല്ല എങ്കിലും, ഞാൻ പറഞ്ഞതു മീനിന്റെ വില ആയതിനെ കിട്ടുകയില്ല എങ്കിൽ ഞാൻ പോകുന്നു, മീനുംകൊണ്ടു പോകും എന്നു പറഞ്ഞു. അപ്പോൾ ധനവാൻ ഒരു സേവകനെ വിളിച്ചു മുക്കുവന്റെ വസ്ത്രും അഴിപ്പിച്ചു ഒരു ചൂരൽകൊണ്ടു വെറുംമേനിയിൽ നൂറു ലഘുതര അടികൾ കൊടുക്കേണം എന്നു കല്പിച്ചു. അമ്പത അടി ആയാറെ, ദാശൻ മതി മതി ഇനി അടിക്കല്ല എനിക്കു ഒരു കൂട്ടാളി ഉണ്ടു, അവനു മീനിന്റെ വില പാതി കിട്ടേണമല്ലൊ

എന്നു വിളിച്ചു പറഞ്ഞു. അപ്പോൾ ധനവാൻ സ്തംഭിച്ചു നിങ്ങളെപ്പോലെ വേറെ ഒരു മൂഢൻ ഈ ലോകത്തിൽ ഉണ്ടോ എന്നു ചോദിച്ചതിന്നു ദാശൻ: ഉണ്ടു അവനെ കാണ്മാൻ ദൂരം പോകേണ്ടാ. ഇതാ നിങ്ങളുടെ പടിപ്പുരക്കൽ ഇരിക്കുന്ന ദ്വാരപാലൻ തന്നേ. മീനിന്റെ വില പാതി കിട്ടുകിൽ നിന്നെ കയറ്റുന്നുള്ളു, അല്ലാഞ്ഞാൽ ദൈവത്താണെ നീ ഈ വാതിലിനെ കടക്കയില്ല എന്നു എന്നോടു ക്രുദ്ധിച്ചു പറഞ്ഞവൻ എന്നു ചൊല്ലിയാറെ, ധനികൻ ദ്വാസ്ഥനെ വിളിപ്പിച്ചു വസ്ത്രം നീക്കിച്ചു ചൂരൽകൊണ്ടു അമ്പതടി കേമത്തിൽ അടിപ്പിച്ചു. ദുഷ്ട! നീ ഇന്നുവരെ അനേകം ദരിദ്രക്കാരെ ഞാൻ അറിയാതെ കണ്ടു ഇതുപ്രകാരം വഞ്ചിച്ചു എന്നു ചൊല്ലി, അവനെ തൽക്ഷണം പണിയിൽനിന്നു പിഴക്കി വിട്ടയച്ചു. മീൻപിടിക്കാരന്നു മീനിന്റെ വിലയും ഒരു സമ്മാനവും കൊടുക്കയും ചെയ്തു. സ്വന്ത അകൃത്യങ്ങൾ ദുഷ്ടനെ പിടിച്ചു കൂടും; സ്വപാപത്തിന്റെ പാശങ്ങളിൽ അവൻ കുടുങ്ങും. സദൃശ. ൫, ൨൨.

ഒരു ധനവാന്റെ ഭയം.

അമേരിക്കാഖണ്ഡത്തിൽ പാൎത്തു വരുന്ന ഒരു കച്ചവടക്കാരൻ ൩൦൦,൦൦൦ ഉറുപ്പിക ദൂരത്തിൽ ഇരിക്കുന്ന ഒരു നഗരത്തിലേക്കു കൊണ്ടുപോകേണ്ടിവന്നു. ആ ഉറുപ്പിക അവൻ ഹുണ്ടിക ആക്കിടപ്പാൽ ആ വഴിയായി നടക്കായ്കകൊണ്ടു, താൻ അവറ്റെ എടുത്തു യാത്രയായി കവൎച്ചക്കാർ നിറഞ്ഞിരുന്ന കാടു പ്രദേശത്തൂടെ ചെല്ലുമ്പോൾ, വഴി തെറ്റി ഉഴന്നു നടന്നു അയ്യോ കഷ്ടം! ഞാൻ ഇപ്പോൾ തന്നെ കള്ളന്മാരുടെ കൈയിൽ അകപ്പെടുവാൻ സംഗതി ഉണ്ടു എന്നു വിചാരിച്ചു വിറച്ചുംകൊണ്ടു മുന്നോട്ടു നടന്നാറെ, ഒരു കുടിലിനെ കണ്ടു രാത്രി അവിടെ താമസിക്കാമല്ലൊ എന്നു ഓൎത്തു സമീപത്തു എത്തിയ ശേഷം, ഒന്നു ഞെട്ടി സ്തംഭിച്ചു അയ്യൊ! ഇതു കള്ളന്മാരുടെ ഒരു ഗുഹ തന്നെയായാൽ, എന്റെ കാൎയ്യം ഇനി പറവാനില്ല. ഹാ ഞാൻ എന്തു വേണ്ടു! ഇപ്പോൾ രാത്രിയായല്ലൊ മുന്നോട്ടു ചെന്നു നശിച്ചാലും ഈ കുടിലിൽ ചെന്നു നശിച്ചാലും രണ്ടും ശരിയല്ലയൊ എന്നു വിചാരിച്ചു തളൎച്ചയും പൈദാഹവും സഹിയാഞ്ഞു കുതിരപ്പുറത്തുനിന്നു ഇറങ്ങി, കുതിരയെ ഒരു മരത്തിന്റെ ചുവട്ടിൽ കെട്ടി, ആ കുടിലിന്റെ വാതിൽക്കൽ മുട്ടിയ

പ്പോൾ, ഒരു സ്ത്രീ വാതിൽ തുറന്നു അഭീഷ്ടം ചോദിച്ചറിഞ്ഞു. ഭൎത്താവു നായാട്ടിന്നു പോയി വേഗം മടങ്ങി വരും. അവൻ നിങ്ങളെ സന്തോഷത്തോടെ പാൎപ്പിക്കും എന്നു പറഞ്ഞു, അവന്നു കുത്തിരിപ്പാൻ ഇടം കാട്ടുകയും ചെയ്തു.

എന്നാലും കച്ചവടക്കാരന്നു സൌഖ്യമില്ല. അയ്യോ! എന്റെ സങ്കടം പറവാൻ ഇല്ല. ഞാൻ കള്ളന്മാരുടെ ഗുഹയിൽ അകപ്പെട്ടു നിശ്ചയം എന്നു ഖേദിച്ചുകൊണ്ടിരിക്കുമ്പോൾ, വീട്ടുകാരനും എത്തി സലാം പറഞ്ഞു, രാത്രി പാൎപ്പാൻ അനുവാദവും കൊടുത്തു. ആയവനെ കച്ചവടക്കാരൻ ഒന്നു നോക്കി ഞെട്ടി. ഇവൻ മഹാക്രൂരൻ. ബഹു കശ്മലൻ ചോരന്മാരുടെ പ്രമാണിയത്രെ. കണ്ണു ഇതാ അഗ്നിജ്വാല പോലെ മിന്നുന്നു. ഉടുപ്പു ആട്ടിൻതോലും തൊപ്പി കരടി തോലുംകൊണ്ടു ഉണ്ടാക്കിയിരിക്കുന്നു എന്ന കണ്ടു വിറച്ചു. അയ്യയ്യോ ഞാൻ എന്തു വേണ്ടു. ഇന്നുവരെ ഞാൻ ദൈവത്തേയും അവന്റെ വചനത്തേയും നിരസിച്ചു, തന്നിഷ്ടക്കാരനായി നടന്നു പ്രപഞ്ചസൌഖ്യത്തേയും സമ്പത്തിനേയും മാത്രം കരുതി അന്വേഷിച്ചും ഓരൊ അന്യായത്തേയും ദുഷ്പ്രവൃത്തിയേയും നടത്തിച്ചുംകൊണ്ടു നേരം വെറുതെ കഴിച്ചു പോന്നു. ഇന്നു ഞാൻ മരിക്കേണ്ടിവന്നാൽ, എന്റെ ജീവൻ എവിടെ പോകും എന്നു വിഷാദിച്ചു വീട്ടുകാരത്തി വെച്ചുകൊടുത്ത അന്നം തൊടാതെ പാൎത്തു.

പിന്നെ വീട്ടുകാരൻ സ്നേഹിതാ! തളൎച്ച ഇല്ലെ? നേരം അധികമായി കിടന്നു ഉറങ്ങിയാലും എന്നു പറഞ്ഞപ്പോൾ, ധനവാന്റെ ഭയം അത്യന്തം വൎദ്ധിച്ചു ഞാൻ കിടന്നു ഉറങ്ങിയാൽ, ഇവൻ വന്നു എന്നെ കുത്തി കൊല്ലും നിശ്ചയം എന്നു വിചാരിച്ചു ഞാൻ ഇനിയും അല്പനേരം ഇരിക്കട്ടെ എന്നു ചൊല്ലി ഒരു ക്ഷണംകൊണ്ടു ഇവൻ എന്റെ മേൽ ചാടി അറുത്തുകളയും എന്നു ഓൎത്തു സഞ്ചിയിലുള്ള കൈത്തോക്കുകളെ ഒരുക്കിവെച്ചു കലഹത്തിന്നായി കാത്തിരുന്നപ്പോൾ, വീട്ടുകാരൻ രണ്ടു മൂന്നു വട്ടം സ്നേഹിതാ തളൎച്ചയില്ലെ കിടന്നു ഉറങ്ങിയാലും എന്നു പറഞ്ഞതിനെ കച്ചവടക്കാരൻ കൂട്ടാക്കുന്നില്ല എന്നു കണ്ടാറെ, അവൻ എഴുനീറ്റു ഒരു പെട്ടിയെ തുറന്നു വേദപുസ്തകം എടുത്തു കൈയിൽ പിടിച്ചു. സ്നേഹിതാ! നിങ്ങൾക്കു ക്ഷീണത ഇല്ലെങ്കിൽ എനിക്കു ഉണ്ടു, ഞാൻ ഉറങ്ങുവാൻ പോകുന്നു. എങ്കിലും ഉറങ്ങുവാൻ പോകുമ്മുമ്പെ ദൈവവചനത്തിന്റെ ഒർ അംശം വായിച്ചു പ്രാൎത്ഥിക്കുന്നതു എന്റെ മൎയ്യാദ എന്നു പറഞ്ഞു

കുത്തിയിരുന്നു പുസ്തകം വിടൎത്തി ഒർ അദ്ധ്യായം വായിച്ചു മുട്ടുകുത്തി പ്രാൎത്ഥിച്ചപ്പോൾ, കച്ചവടക്കാരന്റെ എല്ലാ സംശയവും ഭയവും തീൎന്നു, ദൈവവചനം വായിച്ചു പ്രാൎത്ഥിക്കുന്നവൻ കള്ളനും കുലപാതകനുമല്ല എന്നു നിശ്ചയിച്ചു അമ്മയുടെ ഭവനത്തിൽ എന്നപോലെ അന്നു രാത്രി മുഴുവൻ ബഹു സൌഖ്യത്തോടെ കിടന്നുറങ്ങി. പിന്നെ ആ കച്ചവടക്കാരൻ ഈ കാൎയ്യം തന്റെ മനസ്സിൽ വെച്ചു എല്ലാ അവിശ്വാസത്തേയും ലോക ചിന്തകളേയും ഉപേക്ഷിച്ചു നിധികളിൽവെച്ചു ദൈവവചനമത്രെ നിധി എന്നു കണ്ടു മഹാദൈവഭക്തിയുള്ളൊരു മനുഷ്യനായ്തീരുകയും ചെയ്തു.

രണ്ടു ഉപമകൾ.

പ്രുശ്ശ്യരാജാവായ ഫ്രിദരിക്കു ഒരു ദിവസം കുതിരപ്പുറത്തേറി നാട്ടിൽ കൂടെ ചെന്നു ഒരു വയലിൽ എത്തി ഒരു കൃഷിക്കാരൻ വേല ചെയ്തും പാടിയും കൊണ്ടിരിക്കുന്നതിനെ കണ്ടു. തോഴ, സലാം നിങ്ങൾക്കു വളരെ വസ്തു ഉണ്ടു എന്നു തോന്നുന്നു. നിങ്ങൾ ഇത്ര ഉത്സാഹത്തോടും സന്തോഷത്തോടും കൂട അദ്ധ്വാനിക്കയാൽ, ഈ നിലം സ്വന്തം എന്നു ഞാൻ വിചാരിക്കുന്നു എന്ന് പറഞ്ഞാറെ, രാജാവിനെ അറിയാത്ത കൃഷിക്കാരൻ അയ്യോ മഹാനെ, ഈ നിലം എനിക്കു സ്വന്തം അല്ല. ഞാൻ ഇവിടെ കൂലിപ്പണി ചെയ്തു വരുന്നു എന്നു പറഞ്ഞ ശേഷം, നിങ്ങൾക്കു ദിവസക്കൂലി എത്ര എന്നു രാജാവു ചോദിച്ചതിന്നു എട്ട് അണ എന്നു കൃഷിക്കാരൻ പറഞ്ഞു. അയ്യോ എട്ട് അണകൊണ്ടു നിങ്ങൾ നാൾ കഴിക്കുന്നതു എങ്ങിനെ? എന്നു രാജാവു ചോദിച്ചു. ഹൊ നല്ലവണ്ണം കഴിയും ശേഷിപ്പും ഉണ്ടു താനും എന്നു കൃഷിക്കാരൻ പറഞ്ഞു. നല്ലവണ്ണം കഴിയും ശേഷിപ്പും ഉണ്ടു എന്നു നിങ്ങൾ പറഞ്ഞുവൊ. അതു എങ്ങിനെ? എന്നു രാജാവു ചോദിച്ചതിന്നു കൃഷിക്കാരൻ: തങ്ങൾക്കു അതിന്റെ വിവരം അറിയേണമെങ്കിൽ പറഞ്ഞുതരാമല്ലൊ; ഈരണ്ടു അണ കൊണ്ടു ഞാനും ഭാൎയ്യയും ജീവിക്കുന്നു, ഈരണ്ടു അണകൊണ്ടു ഞാൻ ഒരു പഴയ കടം വീട്ടികൊണ്ടിരിക്കുന്നു, ഈരണ്ടു അണ ഞാൻ പലിശെക്കു വെച്ചു, ശേഷം ഈരണ്ടു അണയെ ഞാൻ ദൈവത്തെ വിചാരിച്ചിട്ടു ധൎമ്മത്തിന്നു ചിലവിടുന്നു എന്നു പറഞ്ഞാറെ, രാജാവു ഇതു എനിക്കു തിരിച്ചറിവാൻ കഴിയാത്ത ഉപമ

തന്നെ എന്നു പറഞ്ഞു. എന്നാൽ അതിന്റെ പൊരുൾ ഇതാ. എനിക്കു വീട്ടിൽ വയസ്സന്മാരും ബലഹീനരുമായ അമ്മയപ്പന്മാർ ഉണ്ടു. ഞാൻ കുട്ടിയും ബലഹീനനുമായ കാലത്തിൽ അവർ എന്നെ പോററി വളൎത്തിയതിനാൽ ഞാൻ അവൎക്കു കടക്കാരനായല്ലൊ. അതുകൊണ്ടു ഞാൻ ഇപ്പോൾ ദിവസേന ഈരണ്ടു അണ അവൎക്കു വേണ്ടി ചിലവാക്കി, ആ കടം വീട്ടികൊണ്ടിരിക്കുന്നു. പിന്നെ ചില കുട്ടികളും ഉണ്ടു. അവരെ പോററി നല്ല വിദ്യകളെയും മററും പഠിപ്പിപ്പാനായി ഞാൻ ദിവസം ഈരണ്ടു അണ ചിലവിടുന്നു. ഞാനും ഭാൎയ്യയും വയസ്സന്മാരും ബലഹീനരുമായി തീൎന്ന ശേഷം, അവർ ഞങ്ങളെ രക്ഷിക്കും എന്നു വിചാരിച്ചിട്ടു ഞാൻ നാൾ തോറും ഈരണ്ടു അണ പലിശെക്കു വെക്കുന്നു. രണ്ടു ദീനക്കാരത്തികളായ പെങ്ങന്മാർ ഉണ്ടു. അവൎക്കു വേല എടുത്തു കൂടാ. വേറെ ഒരു സഹായവുമില്ല. ആയവരെ രക്ഷിപ്പാൻ വേണ്ടി ഞാൻ ദിവസേന ഈരണ്ടു അണ ചിലവിടുന്നു. ഇതത്രെ ഞാൻ ദൈവത്തെ വിചാരിച്ചു ധൎമ്മമായി ചെയ്യുന്നു. എന്നു കൃഷിക്കാരൻ പറഞ്ഞ ശേഷം രാജാവു സന്തോഷിച്ചു. നിങ്ങൾ ഏററം നല്ല മനുഷ്യൻ എന്നാൽ ഞാനും ഒർ ഉപമ പറയട്ടെ. നിങ്ങൾ എന്നെ മുമ്പെ വല്ലപ്പോഴും കണ്ടുവൊ? എന്നു ചോദിച്ചതിന്നു കൃഷിക്കാരൻ ഞാൻ തങ്ങളെ ഒരിക്കലും കണ്ടില്ല എന്നു പറഞ്ഞപ്പോൾ, രാജാവു: അഞ്ചു നിമിഷം കഴിയുംമുമ്പെ നിങ്ങൾ എന്റെ സ്വരൂപം അമ്പതായി കാണുകയും, ആ സ്വരൂപം അമ്പതും നിങ്ങളുടെ സഞ്ചിയിൽ ഇരിക്കയും ചെയ്യും എന്നു കേട്ട ശേഷം, കൃഷിക്കാരൻ: ഇതു എനിക്കു തിരിച്ചറിവാൻ കഴിയാത്ത ഉപമ തന്നെ എന്നു പറഞ്ഞു. എന്നാൽ ഞാൻ അതിന്റെ പൊരുൾ കാണിച്ചു തരാം എന്നു രാജാവു ചൊല്ലി തന്റെ സ്വരൂപവും മേലെഴുത്തുമുള്ള അമ്പതു പൊൻ നാണ്യങ്ങൾ എടുത്തു വിസ്മയം നോക്കികൊണ്ടിരിക്കുന്ന കൃഷിക്കാരന്റെ കൈയിൽ എണ്ണി കൊടുത്തു. ഇവ എല്ലാം നല്ലവയും ഞാൻ കലവറക്കാരനായി സേവിക്കുന്ന ദൈവത്തിൽനിന്നു വരുന്നവയും തന്നെ. സ്നേഹിതാ, സലാം എന്നു പറഞ്ഞു കുതിര ഓടിക്കയും ചെയ്തു.

ടപ്പാൽ ക്രമങ്ങൾ.

കത്തു പുസ്തകം ഭാണ്ഡം എന്നിവയുടെ തൂക്കത്തിൻ
പ്രകാരം ടപ്പാൽ കൂലിവിവരം.

൧. കത്തു.

തൂക്കം.			മുദ്രവില.
½ ഉറുപ്പികത്തൂക്കം ഏറാത്തതിന്നു			പൈ ൩.
൧ ഉറു	,,	,,	അണ ൧.
൨ ഉറു	,,	,,	,, ൨.
൩ ഉറു	,,	,,	,, ൩.
൪ ഉറു	,,	,,	,, ൪.

ഇങ്ങിനെ ഓരൊ ഉറുപ്പികയുടെയും അതിന്റെ വല്ല അംശത്തിന്റെയും തൂക്കം കയറുന്നതിന്നു ഓരോ അണയുടെ വില ഏറുകയും ചെയ്യും. ഒരു കത്തിന്നു വെച്ച മുദ്ര പോരാതെയായ്വന്നാൽ ആ പോരാത്ത മുദ്രയുടെയും ന്യായമായ കൂലിയുടെയും ഭേദത്തെ കത്തു വാങ്ങുന്നവർ ഇരട്ടിപ്പായി കൊടുക്കേണ്ടിവരും. മുദ്ര ഇല്ലാത്ത കത്തിന്നു ഇരട്ടിച്ച കൂലി ഉണ്ടു താനും. ൧൨ ഉറുപ്പിക തൂക്കത്തിന്നു ഏറുന്നവ ഭാണ്ഡടപ്പാൽ നടക്കുന്ന കച്ചേരികളിൽ കത്തു എന്നു വെച്ചു എടുക്കയില്ല; ഭാണ്ഡത്തിൽ അത്രെ ചേർക്കുന്നുള്ളൂ. ഭാണ്ഡമില്ലാത്ത കച്ചേരികളിൽ എടുക്കയും ചെയ്യും.

൨. പുസ്തകം.

പുസ്തകം വർത്തമാനക്കടലാസ്സ മുതലായ എഴുത്തുകളും മറ്റും ചെറുവക സാമാനങ്ങളും ടപ്പാൽ വഴിയായി അയപ്പാൻ വിചാരിച്ചാൽ, അവറ്റെ രണ്ടു പുറത്തും തുറന്നിരിക്കുന്ന മെഴുത്തുണിയിൽ കെട്ടി, "പുസ്തകട്ടപ്പാൽ" എന്ന വാക്കിനെ തലക്കൽ എഴുതേണം. എന്നാൽ ൧൦ ഉറുപ്പിക (1 റാത്തൽ) തൂക്കം ഏറാത്തതിന്നു ഒർ അണയുടെയും ൨൦ ഉറുപ്പികത്തൂക്കം ഏറാത്തതിന്നും രണ്ട് അണയുടെയും മുദ്രയെ പതിക്കേണം. പിന്നെ പതുപ്പത്തു ഉറുപ്പികയൊ പത്തു ഉറുപ്പികയുടെ വല്ല അംശമൊ കയറുന്ന തൂക്കത്തിന്നു ഓരോ അണ ടപ്പാൽ കൂലിയും കയറും. (പത്തു ഉറുപ്പിക ശരിയായ തൂക്കമുള്ള പുസ്ത

കത്തിന്റെ കൂലി ൧ അണ എങ്കിലും പത്തു ഉറുപ്പികത്തൂക്കത്തിൽ ഒരു രോമംപോലും ഏറുന്നതിന്നു രണ്ട് അണ.) ൨൦൦ ഉറുപ്പിക തൂക്കത്തിൽ അധികമുള്ള പുസ്തകത്തെ എടുക്കുന്നില്ല. മുദ്ര വെക്കാതെ ഈ ടപ്പാൽ വഴിയായി ഒന്നും അയച്ചു കൂടാ. എന്നാൽ ഈ ഇങ്ക്ലിഷ് സൎക്കാൎക്ക അധീനമായിരിക്കുന്ന ഹിന്തുരാജ്യങ്ങളുടെ ഏതു സ്ഥലത്തിലേക്കും മേല്പറഞ്ഞ തൂക്കമുള്ള കത്തിന്നും പുസ്തകത്തിന്നും മേല്പറഞ്ഞ കൂലിയും മതി. കണ്ണൂരിലേക്കും കാശിയിലേക്കും ഒക്കുന്ന തൂക്കത്തിന്നും ഒക്കുന്ന കൂലിയും വേണം.

൩. ഭാണ്ഡം.

ഉറുപ്പികത്തൂക്കം.										
൦രം തൂക്കത്തിൽ ഏറാത്തതിന്നു	൧൦	൨൦	൩൦	൪൦	൫൦	൬൦	൭൦	൮൦	൯൦	൧൦൦
	ഉ. അ. ൦ ൩	ഉ. അ. ൦ ൬	ഉ. അ. ൦ ൯	ഉ. അ. ൦ ൧൨	ഉ. അ. ൦ ൧൫	ഉ. അ. ൧ ൨	ഉ. അ. ൧ ൫	ഉ. അ. ൧ ൮	ഉ. അ. ൧ ൧൧	ഉ. അ. ൧ ൧൪

ഇപ്രകാരമുള്ള തൂക്കത്തിൽ പത്തുപ്പത്തുറുപ്പികത്തൂക്കമാകട്ടെ, പത്തുറുപ്പികത്തൂക്കത്തിന്റെ വല്ല അംശമാകട്ടെ അധികമായാൽ, മുമ്മൂന്നണപ്രകാരം ടപ്പാൽ കൂലി കയററി കൊടുക്കയും വേണം. ഇതിന്നു മൈല്സിന്റെ സംഖ്യയില്ല.

ഇങ്ങിനെ അയക്കുന്ന കെട്ടുകളിൽ ഒരു കത്തിനെ മാത്രം വെക്കാം; അധികം കത്തുകളെ വെച്ചാൽ ൫൦ ഉറുപ്പികയോളം പിഴ ഉണ്ടാകും. എന്നാൽ കെട്ടിനെ മെഴുത്തുണികൊണ്ടു നല്ലവണ്ണം പുതഞ്ഞു അരക്ക് കൊണ്ടു മുദ്രയിട്ടും "ഇതിൽ റെഗ്യുലേഷിന്നു വിപരീതമായി ഏതുമില്ല" എന്നു തലക്കൽ ഒരു എഴുത്തും അയക്കുന്നവരുടെ പേരും ഒപ്പും വെക്കുകയും വേണം. മേല്പറഞ്ഞ കൂലി പണമായിട്ടൊ, മുദ്രയായിട്ടൊ കൊടുക്കുന്നതിൽ ഭേദം ഇല്ല. കൂലി കൊടുക്കാതെ അയച്ചാൽ വാങ്ങുന്നവർ ഈ കൂലി തന്നെ കൊടുത്താൽ മതി.

പെരുനാളുകളുടെ വിവരം.

൧. ക്രിസ്ത്യപെരുനാളുകൾ.

ആണ്ടുപിറപ്പു	ജനുവരി	൧	ധനു	൧൮
പ്രകാശനദിനം	„	൬	„	൨൩
സപ്തതിദിനം	ഫിബ്രുവരി	൫	മകരം	൨൪
നോമ്പിന്റെ ആരംഭം	„	൨൨	കുംഭം	൧൨
നഗരപ്രവേശനം	എപ്രിൽ	൨	മീനം	൨൧
ക്രൂശാരോഹണം	„	൭	„	൨൬
പുനരുത്ഥാനനാൾ	„	൯	„	൨൮
സ്വൎഗ്ഗാരോഹണം	മെയി	൧൮	എടവം	൬
ഇങ്ക്ലിഷരാജ്ഞി ജനിച്ച നാൾ	„	൨൪	„	൧൨
പെന്തകൊസ്തനാൾ	„	൨൮	„	൧൬
ത്രിത്വനാൾ	ജ്രൂൻ	൪	„	൨൩
യോഹന്നാൻ സ്നാപകൻ	„	൨൪	മിഥുനം	൧൧
അന്ത്രയൻ	നവെംബർ	൩൦	വൃശ്ചികം	൧൬
ഒന്നാം ആഗമനനാൾ	ഡിസെംബർ	൩	„	൧൯
ക്രിസ്തൻ ജനിച്ച നാൾ	„	൨൫	ധനു	൧൧
സ്തെഫാൻ	„	൨൬	„	൧൨
യോഹന്നാൻ സുവിശേഷകൻ	„	൨൭	„	൧൩

൨. ഹിന്തുക്കളുടെ പെരുനാളുകൾ.

വിഷു	മീനം	൩൧	എപ്രിൽ	൧൨
പിതൃകൎമ്മം	കൎക്കിടകം	൩	ജൂലായി	൧൭
തിരുവോണം	ചിങ്ങം	൧൩	അഗുസ്തു	൨൮
ആയില്യം, മകം	„	൨൮, ൨൯	സെപ്തു	൧൨, ൧൩

൩. മുഹമ്മദീയ പെരുനാളുകൾ.

ബറത്ത	ശബ്ബാൽ	൧൫	ജനുവരി	൭
ഹജി പെരുനാൾ	ദുല്ഹജി	൧൫	മാൎച്ച	൭
മുഹരം	മുഹരം	൧	„	൨൨
ചെറിയ പെരുനാൾ	റമ്ദ്ദാൻ	൩൦	ഡിസെംബർ	൧൨

സകലത്തെയും ശോധന ചെയ്വിൻ, ൪൯
നല്ലതിനെ മുറുക പിടിപ്പിൻ. ൧ തെസ്സ. ൫, ൨൧.

LIST OF MALAYALAM BOOKS.

മലയാള പുസ്തകങ്ങളുടെ പട്ടിക.

	ഉ.	അ.	പൈ.
മലയാള പഞ്ചാംഗം	0	3	0
സംഖ്യാവിദ്യ	0	3	0
മലയാള ഇങ്ക്ലിഷ അകാരാദി	2	0	0
ഇങ്ക്ലിഷ് മലയാള ,,	2	0	0
ഭൂമിശാസ്ത്രം (Clift's Geography)	0	6	0
ഇങ്ക്ലിഷ വ്യാകരണം	0	3	6
മലയാള ഭാഷാവ്യാകരണം	1	8	0
കേരളപഴമ	0	8	0
കേരളോല്പത്തി	0	4	0
മലയാളരാജ്യം ചരിത്രത്തോടു കൂടിയ ഭൂമിശാസ്ത്രം	0	4	0
പഞ്ചതന്ത്രം	0	12	0
ബോധചന്ദ്രിക	0	1	0
ഒരു ആയിരം പഴഞ്ചൊൽ	0	2	0
വലിയ പാഠാരംഭം	0	2	0
First Malayalam Translator, with a Vocabulary	0	4	0
ഇന്ത്യ ചരിത്രത്തിന്റെ സാരാംശം	0	3	0
മദ്രാസസംസ്ഥാനം	0	3	0
ക്ഷേത്രഗണിതം	0	6	0
സത്യവേദ ഇതിഹാസം ൭ാം ഭാഗം	0	1	0
സങ്കീൎത്തനം	0	1	0
ക്രിസ്തുമാൎഗ്ഗത്തിന്റെ ഉപദേശസംഗ്രഹം	0	1	0
സഭാക്രമം	0	1	0
ഈരേഴ പ്രാൎത്ഥനകളും നൂറു വേദധ്യാനങ്ങളുമായ നിധിനിധാനം	0	2	0
പവിത്രചരിത്രം	0	8	0
സ്ഥിരീകരണത്തിന്നുള്ള ഉപദേശം	0	0	6
നീതിമാൎഗ്ഗം	0	0	3
യോഹാൻ ബപ്തിസ്തു ദസല്യ എന്ന ഒരു കാഫ്രിയുടെ ജീവിതം	0	0	8
സത്യവിശ്വാസത്തെ കുറിച്ചുള്ള വാക്കുകൾ	0	1	0
ലുഥരിന്റെ ചെറിയ ചോദ്യോത്തരങ്ങളുടെ പുസ്തകം	0	0	6
സത്യവേദകഥകൾ ഒന്നാം ഖണ്ഡം	0	0	4
അഫ്രിക്കാന്റെ കഥ	0	0	6

	ഉ.	അ.	പൈ.
പടനായകനായ ഹവലൊക് സാഹിബിന്റെ ജീവചരിത്രം. . . .	0	0	8
വിഗ്രഹാരാധനവും ക്രിസ്തീയധൎമ്മവും	0	4	0
സഞ്ചാരിയുടെ പ്രയാണം	0	4	0
മാനുഷഹൃദയം	0	2	0
സത്യവേദകഥകൾ ഒന്നാം ഖണ്ഡം	0	2	6
,, രണ്ടാം ഖണ്ഡം	0	2	6
സത്യോപദേശം	0	0	2
ആത്മാവും ദൈവവുമായിട്ടുള്ള സംഭാഷണം	0	0	2
സന്മരണവിദ്യ	0	0	4
നീതിമാൎഗ്ഗം	0	0	3
പാപഫലപ്രകാശനം	0	0	4
നളചരിതസാരശോധന	0	1	0
നല്ല ഇടയന്റെ അന്വേഷണചരിത്രം	0	0	3
ദേവവിചാരണ	0	1	0
പാപികളുടെ സ്നേഹിതൻ	0	0	6
മാൎഗ്ഗനിശ്ചയം	0	0	3
സഞ്ചാരിയുടെ പ്രയാണചരിത്രച്ചുരുക്കം	0	0	4
ക്രിസ്തുന്റെ അവതാരം	0	0	2
ക്രിസ്ത്വാവതാരപാട്ട്	0	0	3
മതവിചാരണ	0	0	6
ശൎമ്മന്യരാജ്യത്തിലെ ക്രിസ്തുസഭാനവീകരണം	0	1	6
മൈമാൎഗ്ഗപാനം ഒന്നാം അംശം	0	0	6
,, രണ്ടാം അംശം	0	0	6
സത്യവേദചരിത്രസാരം ഒന്നാം അംശം	0	0	3
ക്രിസ്തീയ ഗീതങ്ങൾ	0	8	0
ഇടയചരിത്രഗീതം	0	0	2
പുതിയ നിയമം	0	8	0
പൂൎവ്വമൈമാൎഗ്ഗപാന	0	0	3
വജ്രസൂചി	0	0	6
രക്ഷാമാൎഗ്ഗം	0	0	4
മുഹമ്മദചരിത്രം	0	0	3
ഹെന്റി ബ്രൂസി എന്നവരുടെ കഥ	0	0	6
കൎസ്സൂലികാൎയ്യം	0	0	3
മെയ്യാൻക്രൂശ്	0	0	9
ഉത്തമതിരിവു	0	0	4
സൽഗുരു	0	0	3
പൎവ്വതപ്രസംഗം	0	0	2
വിധിവിചാരണ	0	0	4

യഹോവാ വചനത്തിൽ വാനങ്ങളും അവന്റെ വായിലെ ശ്വാസത്താൽ ഉ്ഫ
അവറ്റിൻ സകല സൈന്യവും ഉണ്ടാക്കപ്പെട്ടു. സങ്കീ. ൩൩, ൬.

	ഉ.	അ.	പൈ.
കഷ്ടാനുഭവചരിത്രം	0	0	3
ക്രിസ്തുന്റെ ജനനം	0	0	1
നഷ്ടമായ ആട്ടും, മുടിയനായ പുത്രനും, കാണാതെപോയ വെള്ളിയും .	0	0	1
സംസ്കൃതസങ്കീൎത്തനം	0	0	6
സംക്ഷേപിച്ച സത്യവേദകഥകൾ	0	1	0
സുപ്രകാശം	0	0	4
മുഹമ്മദോ ഈസാനബിയൊ ആര് വലിയവൻ?	0	0	3
ധൎമ്മസംബന്ധമായ ചിലവുകൊണ്ടു സ്വാതന്ത്ര്യം വരുമാറാകേണ്ടുന്ന ഉപായം	gratis		

☞ To be had at the Mission Book and Tract Depository at ***Mangalore*** and at all the ***Stations*** of the Basel German Mission of ***Malabar.***

ഈ പുസ്തകങ്ങൾ മംഗലപുരത്തിലെ മിശിയൻ ബുക്കുശാപ്പിലും, മലയാളദേശത്തിലുള്ള ബാസൽ ജൎമ്മൻമിശിയനു ചേൎന്ന എല്ലാ സ്ഥലങ്ങളിലും കിട്ടും.



28, 29, 30, 31 ദിവസങ്ങൾ ഉള്ള പ്രതി മാസത്തിന്ന 1 ഉറുപ്പിക മുതൽ ൫൦൦ ഉറുപ്പിക വരെ ശമ്പളം ഉള്ളവൎക്ക പ്രതി ഓരൊ ദിവസത്തിന്ന എത്ര ഉറുപ്പിക എത്ര അണ എത്ര പൈ വീഴും എന്ന കാണിക്കുന്ന പട്ടിക.

മാസത്തിന്റെ ശമ്പളം	28 ദിവസങ്ങൾ ഉള്ള മാസം			29 ദിവസങ്ങൾ ഉള്ള മാസം			30 ദിവസങ്ങൾ ഉള്ള മാസം			31 ദിവസങ്ങൾ ഉള്ള മാസം		
ഉ.	ഉ.	അ.	പൈ.	ഉ.	അ.	പൈ.	ഉ.	അ.	പൈ.	ഉ.	അ.	പൈ.
1	0	0	7	0	0	7	0	0	6	0	0	6
2	0	1	2	0	1	1	0	1	1	0	1	0
3	0	1	9	0	1	8	0	1	7	0	1	7
4	0	2	3	0	2	2	0	2	2	0	2	1
5	0	2	10	0	2	9	0	2	8	0	2	7
6	0	3	5	0	3	4	0	3	2	0	3	1
7	0	4	0	0	3	10	0	3	9	0	3	7
8	0	4	7	0	4	5	0	4	3	0	4	2
9	0	5	2	0	5	0	0	4	10	0	4	8
10	0	5	9	0	5	6	0	5	4	0	5	2
11	0	6	3	0	6	1	0	5	10	0	5	8
12	0	6	10	0	6	7	0	6	5	0	6	2
13	0	7	5	0	7	2	0	6	11	0	6	9
14	0	8	0	0	7	9	0	7	6	0	7	3
15	0	8	7	0	8	3	0	8	0	0	7	9
16	0	9	2	0	8	10	0	8	6	0	8	3
17	0	9	9	0	9	5	0	9	1	0	8	9
18	0	10	3	0	9	11	0	9	7	0	9	3
19	0	10	10	0	10	6	0	10	2	0	9	10
20	0	11	5	0	11	0	0	10	8	0	10	4
21	0	12	0	0	11	7	0	11	2	0	10	10
22	0	12	7	0	12	2	0	11	9	0	11	4
23	0	13	2	0	12	8	0	12	3	0	11	10
24	0	13	9	0	13	3	0	12	10	0	12	5
25	0	14	3	0	13	10	0	13	4	0	12	11
26	0	14	10	0	14	4	0	13	10	0	13	5
27	0	15	5	0	14	11	0	14	5	0	13	11
28	1	0	0	0	15	5	0	14	11	0	14	5
29	1	0	7	1	0	0	0	15	6	0	15	0
30	1	1	2	1	0	7	1	0	0	0	15	6
35	1	4	0	1	3	4	1	2	8	1	2	1
40	1	6	10	1	6	1	1	5	4	1	4	7
45	1	9	9	1	8	10	1	8	0	1	7	8
50	1	12	7	1	11	7	1	10	8	1	9	10
100	3	9	2	3	7	2	3	5	4	3	3	7
200	7	2	3	6	14	4	6	10	8	6	7	3
300	10	11	5	10	5	6	10	0	0	9	10	10
400	14	4	7	13	12	8	13	5	4	12	14	5
500	17	13	9	17	3	10	16	10	3	16	2	1



മദ്രാസ്സിലുള്ള ഗവറൻമെണ്ടു ബങ്ക്ലാവ്.

കല്ക്കത്ത പട്ടണം.



ജൎമ്മൻദേശത്തിലെ പുകവണ്ടിപ്പോകുന്ന പാലം.

സറാപ്പ്പീടിക.



ജലമജ്ജനയന്ത്രം.

he

n Almanac

71.

ച ഞ്ചാംഗം

ൃകൈ.

ഫൈൻവ — ഫൈൻമ.
ഫൻവൈ — ഫൻവവ്വ.
ഫാര്ന്ന — ഫാര്ൈ.
ഫവവ്വൈ — ഫവവ്വവ്വ.
ഫവവ്വം — ഫവവ്വഫ.
ദ്രന്നമഫ — ദ്രന്നമവ.

ALORE:
THER, BASEL MISSION PRESS.